## സ്ഥാപന മേധാവിയെ വെടിവച്ച് കൊന്ന തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കി; 50% മുൻകാല വേതനം നല്കണം

### അലഹബാദ് ഹൈക്കോടതി

W.C. No. 5/2012 Dt. 6.5.2020

ത്രിവേണി എഞ്ചിനീയറിങ് ഏന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്
x
സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

ഫാക്ടറിയിൽ കെയിൻ ഇൻസ്പെക്ടർ എന്ന തസ്തികയിൽ ജോലിക്ക് നിയമിക്കപ്പെട്ടയാളാണ് പ്രമോദ് കുമാർ. സുഭാഷ് ചന്ദ്ര ജഗ്ഗി എന്നയാളാണ് സ്ഥാപനത്തിന്റെ വൈസ് പ്രസിഡന്റ്. 1999 ഡിസംബർ 29–ാം തീയതി ഫാക്ടറി അങ്കണത്തിനുള്ളിൽ വൈസ് പ്രസിഡന്റ് വെടിയേറ്റ് മരിച്ചു കിടക്കുന്നത് കാണപ്പെട്ടു. മേനേജ്മെന്റ് ഉടനെത്തന്നെ വസ്തുതാന്വേഷണം നടത്തുന്നതിനായി ഉദ്യോഗസ്ഥനെ നിയമിച്ചു. മൂന്നാഴ്ചക്കു ശേഷം ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചു. പ്രമോദ് കുമാർ എന്ന തൊഴിലാളിയാണ് കുറ്റക്കാരൻ എന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയത്. ഇതിനിടെ അയാളെ പ്രതിയാക്കി പോലീസ് കേസെടുത്തിരുന്നു. അറസ്റ്റ് ചെയ്യപ്പെട്ട അയാൾ അഞ്ച് മാസത്തോളം ജയിലിൽ കിടന്നു. സ്ഥാപനത്തിന്റെ സ്റ്റാന്റിങ് ഓർഡേഴ്സ് പ്രകാരം സ്ഥിരം തൊഴിലാളികൾക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതിനു മുമ്പ് പൂർണ്ണ തോതിലുള്ള ഗാർഹികാന്വേഷണം നടത്തേണ്ടതുണ്ട്. എന്നാൽ തൊഴിലാളി ജയിലിലായതിനാൽ ഗാർഹികാന്വേഷണം നടത്താൻ സാധിക്കില്ലെന്ന നിഗമനത്തിലും അയാൾ കൊലക്കേസ് പ്രതിയായതിനാലും ഗാർഹികാന്വേഷണം നടത്താതെ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. 2002–ൽ കൊലക്കേസ് വിചാരണ പൂർത്തിയാക്കിയ സെഷൻസ് കോടതി സംശയത്തിന്റെ ആനുകൂല്യം നല്കി പ്രതിയായ തൊഴിലാളിയെ വെറുതെ വിട്ടു. കുറ്റവിമുക്തനാക്കപ്പെട്ട തൊഴിലാളി തന്നെ പിരിച്ചുവിട്ടതു സംബന്ധിച്ച് വ്യവസായ തർക്കം ഉന്നയിച്ചു. സംസ്ഥാന സർക്കാർ ആ വ്യവസായ തർക്കം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. തൊഴിലാളിയെ പിരിച്ചുവിട്ടത് തെറ്റായ നടപടിയാണെന്ന് വിലയിരുത്തിയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പിരിച്ചുവിട്ട തൊഴിലാളിയെ 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സംശയത്തിന്റെ ആനുകൂല്യത്തിലാണ് പ്രതിയെ വെറുതെ വിട്ടതെന്നും അതിനാൽ നിരപരാധിയാണെന്ന് തെളിഞ്ഞിട്ടില്ലെന്നും തൊഴിലാളിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടുവെന്നും 21 വർഷങ്ങൾക്കുശേഷം തൊഴിലാളിയെ തിരിച്ചെടുക്കുക എന്നത് അപ്രായോഗികമാണെന്നും മേനേജ്മെന്റ് വാദിച്ചു. തനിക്കെതിരെ ഗാർഹികാന്വേഷണം നടത്തിയിട്ടില്ലെന്നും കൊലക്കേസിൽ പ്രതിയായെന്ന ഒറ്റ കാരണംകൊണ്ട് നടപടിക്രമങ്ങൾ പാലിക്കാതെ തന്നെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടത് തെറ്റാണെന്നും കൊലക്കേസിൽ കുറ്റവിമുക്തനാക്കപ്പെട്ട തന്നെ തിരിച്ചെടുക്കേണ്ടതാണെന്നും തൊഴിലാളി വാദിച്ചു. പൂർണ്ണ തോതിലുള്ള ഗാർഹികാന്വേഷണം നടത്താതെ തൊഴിലാളിയെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കൊലക്കേസിൽ പ്രതിയാക്കപ്പെട്ടതുകൊണ്ട് പിരിച്ചുവിടപ്പെട്ട തൊഴിലാളി കുറ്റവിമുക്തനാക്കപ്പെട്ടാൽ തിരിച്ചെടുക്കാനും മേനേജ്മെന്റ് തയ്യാറാകണമെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി മേനേജ്മെന്റിന്റെ തടസ്സവാദങ്ങൾ തള്ളിക്കളയുകയും